DR. SURESH ADVANI'S
SMITA MEMORIAL
HOSPITAL AND RESEARCH CENTRE
04862 208000, 350700, +91 9496143852
SH8, Vengalloor, Thodupuzha, Kerala - 685608
info@smitahospital.com | www.smitahospital.com

മംഗളം

# കാൻസർ ബാധിച്ച രോഗിയുടെ നാക്ക് പുനർനിർമിച്ച് തൊടുപുഴ സ്മിതാ ഹോസ്പിറ്റൽ

തൊടുപുഴ: കാൻസർരോഗിയുടെ നാക്ക് അതീവ സങ്കീർണമായ ശസ്ത്രക്രിയയിലൂടെ പുനർനിർമിച്ചു. നാവിനെ പൂർണമായും ബാധിച്ച അർബുദം, കഴുത്തിലേക്കും പടർന്നതിനെയും തുടർന്ന് സ്റ്റേജ് 4 ആയി ഗുരുതരാവസ്ഥയിലായ കോതമംഗലം സ്വദേശിയിലാണ് നാവ് പുനർനിർമിച്ചത്. ഇടുക്കി ജില്ലയിൽ ആദ്യമായിട്ടാണ് ഇത്തരത്തിൽ നാവ് പുനർനിർമിക്കുന്ന ശസ്ത്രക്രിയ നടക്കുന്നത്.

കാൻസറിന് കാരണമായ ട്യൂമർ എടുത്തുമാറ്റിയപ്പോൾ അതൊടൊപ്പം നീക്കംചെയ്ത കോശഭാഗങ്ങൾ പുനഃസ്ഥാപിക്കാനും വികലമായ ശരീര ഭാഗങ്ങൾ നേരെയാക്കാനുമായാണ് 39 കാരിയായ രോഗിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

രോഗിയുടെ മറ്റ് ശരീരഭാഗങ്ങളിൽ നിന്ന് എടുത്ത കോശങ്ങൾ ഉപയോഗിച്ചാണ് നാവ് അടക്കമുള്ള ഭാഗങ്ങൾ പുനർനിർമിച്ചത്. പത്ത് മണിക്കൂറിലധികം നീണ്ട ശസ്ത്രക്രിയയ്ക്ക് സ്മിത ഹോസ്പിറ്റലിലെ ഹെഡ് ആൻഡ് നെക്ക് ഓങ്കോളജി വിഭാഗം മേധാവി ഡോ. സനു.പി. മൊയ്തീൻ, ഓങ്കോളജി സർജിക്കൽ വിഭാഗം മേധാവി ഡോ. മോപുരി ചൈതന്യ റെഡ്ഢി, പ്ലാസ്റ്റിക് സർജൻ ഡോ. ജനാർദ്ദനൻ, അനസ്തേഷ്യ ടീം എന്നിവർ നേതൃത്വം നൽകി. ജില്ലയിൽ ഹെഡ് ആൻഡ് നെക്ക് ഓങ്കോളജിയിൽ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്ന ഒരേ ഒരു ആശുപത്രിയാണ് സ്മിത മെമ്മോറിയൽ ഹോസ്പിറ്റൽ.

IDUKKI Edition
Aug 12, 2023 Page No. 3
Powered by : eReleGo.com